ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ

183 (1655) ശ്രീ. പി. കെ. ഉണ്ണിദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

(സി) ജൈവകൃഷി വ്യാപനത്തിനായി ദേശീയ ഹോർട്ടികൾച്ചർ മിഷൻ എത്ര തുക അനുവദിച്ചു എന്നറിയിയ്ക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലം പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ യോഗം കൂടുകയും അതത് നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ചർച്ച് ചെയ്ത് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. 2015-16 വർഷം കാസർഗോഡ് ജില്ലയിൽ ജൈവകൃഷി, ജൈവകൃഷി പ്രോത്സാഹനത്തിന് അവാർഡ്, ജൈവ ഉല്പന്നങ്ങളുടെ വിപണന സഹായം, ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പാക്കൽ, ഗുണ നിയന്ത്രണം, നിലവിലുള്ള 4 മണ്ണുപരിശോധന ലാബുകളിൽ ജൈവവള പരിശോധനയ്ക്കുള്ള അധിക സംവിധാനം സജ്ജമാക്കുക എന്നീ ഘടകങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന 2015-16 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി 2500 ഹെക്ടർ വീതം ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും, ഇടുക്കി, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ, 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3500 ഹെക്ടറിന്റെ ശേഷിക്കുന്ന ഭൗതിക ലക്ഷ്യമായ 2500 ഹെക്ടർ ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. 16537 വീടുകളിൽ ഇവ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ, കോഴിക്കോട്, വയനാട്, എറണാകുളം എന്നീ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 'കൃഷി ബിസിനസ്സ് കേന്ദ്ര' വഴി ജൈവവളങ്ങൾ, ജൈവരോഗകീടനാശിനികൾ എന്നിവ വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വെജിറ്റബിൾ &ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ വിഷവിമുക്ത പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായത്. സ്വാശ്രയ സംഘങ്ങളിലെ ചർച്ചകളും പ്രായോഗിക പരിശീലനങ്ങളും ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ധരും ഉദ്യോഗസ്ഥരും മാസ്റ്റർ കർഷകരും ചേർന്ന് കർഷക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

(ബി) 1. കാസർഗോഡ് ജില്ലയിൽ ജൈവകൃഷി - 197 ലക്ഷം രൂപ അനുവദിച്ചു.

2. ജൈവകൃഷി പ്രോത്സാഹനത്തിന് അവാർഡ് - 111 ലക്ഷം രൂപ

3. ജൈവ ഉല്പന്നങ്ങളുടെ വിപണന സഹായം - 353 ലക്ഷം രൂപ

4. ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പാക്കൽ ഗുണനിയന്ത്രണം - 106.50 ലക്ഷം രൂപ

5. നിലവിലുള്ള 4 മണ്ണുപരിശോധന ലാബുകളിൽ ജൈവവള പരിശോധനയുള്ള അധിക സംവിധാനം സജ്ജമാക്കുന്നതിന് -67.6 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സഹായമായി ജൈവ കൃഷി പ്രോത്സാഹനത്തിന് 849.38 ലക്ഷം രൂപയുടെ പദ്ധതി 2015-16 വർഷം അനുവദിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ. (പരമ്പരാഗത കൃഷി വികാസ് യോജന) 119 ക്ലസ്റ്ററുകൾ മുഖേന ജൈവകൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്നു. ഇതിനുള്ള ധനസഹായമായി 424.69 ലക്ഷം രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റം വഴി ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾക്ക് ഉല്പാദന ബോണസ് നല്കുന്നതിനായി 100 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ ജൈവ കൃഷി വ്യാപനത്തിനും 75 ലക്ഷംരൂപ ജൈവ സർട്ടിഫിക്കേഷനും വേണ്ടി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3500 ഹെക്ടറിന്റെ ശേഷിക്കുന്ന ഭൗതിക ലക്ഷ്യമായി 2500 ഹെക്ടർ നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 100 ലക്ഷംരൂപ ജൈവ കൃഷി വ്യാപനത്തിനും 75 ലക്ഷംരൂപ ജൈവ സർട്ടിഫിക്കേഷനും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മാഞ്ഞാലിത്തോട് പുനരുദ്ധാരണ പ്രവൃത്തികൾ

184 (1656) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മാഞ്ഞാലി തോടിന്റെ നായത്തോട് ഇറ മുതൽ മുന്നൂതോട് വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പ്രസ്തുത പദ്ധതി സെക്കറൽ അലോക്കേഷൻ സീലിംഗ് ലിമിറ്റ് കാരണം നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. ആയത് നബാർഡ് RIDF XXII-ൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കാൻ കെ.എൽ.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.